**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2330** **09-02-2023 - ൽ മറുപടിയ്ക്ക്**

**ലഹരി വര്‍ജ്ജനമിഷന്റെ പ്രവര്‍ത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | മദ്യവര്‍ജ്ജന ബോധവല്‍ക്കരണ പ്രവര്‍ത്തനങ്ങള്‍ ഏകോപിപ്പിക്കുന്നതിനും വ്യാപകമായ ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതിനും വിമുക്തി-ലഹരി വര്‍ജ്ജനമിഷന്റെ പ്രവര്‍ത്തനം ശക്തിപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (എ) | ബോധവല്‍ക്കരണ പ്രവര്‍ത്തനങ്ങള്‍ ഏകോപിപ്പിക്കുന്നതിനും ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതിനുമായി വിമുക്തിയുടെ പ്രവര്‍ത്തനം ശക്തിപ്പെടുത്തിയിട്ടുണ്ട്. വിമുക്തി മിഷന്റെ നേതൃത്വത്തില്‍ വിവിധ സര്‍ക്കാര്‍ വകുപ്പുകളുടെയും, വിവിധ സന്നദ്ധ സംഘടനകളുടെയും സഹകരണത്തോടെ സംസ്ഥാനമൊട്ടാകെ വിവിധ ബോധവല്‍ക്കരണ പ്രവര്‍ത്തനങ്ങള്‍ നടപ്പിലാക്കി വരുന്നു.<br><br>സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും, അവയുടെ വാര്‍ഡുകളിലും ജനപ്രതിനിധികള്‍ അദ്ധ്യക്ഷന്‍മാരായി സാമൂഹ്യ-സാമുദായിക സംഘടനാ പ്രതിനിധികള്‍, രാഷ്ട്രീയ കക്ഷി പ്രതിനിധികള്‍, റസിഡന്റ്സ് അസോസിയേഷന്‍ പ്രതിനിധികള്‍ തുടങ്ങി വിവിധ വിഭാഗങ്ങളെ ഉള്‍പ്പെടുത്തി ലഹരിവിരുദ്ധ ജനജാഗ്രതാ സമിതികള്‍ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ സ്കൂളുകളിലും ലഹരിവിരുദ്ധ ജനജാഗ്രതാ സമിതികള്‍ രൂപീകരിച്ച് ലഹരിക്കെതിരെ പ്രവര്‍ത്തിച്ച് വരുന്നു.<br><br>സ്കൂളുകളില്‍ ലഹരി വിരുദ്ധ പ്രവര്‍ത്തനങ്ങള്‍ക്ക് നേതൃത്വം നല്‍കുവാന്‍ സ്കൂളുകളില്‍ ലഹരി വിരുദ്ധ ക്ലബ്ബുകള്‍ പ്രവര്‍ത്തിക്കുന്നു. വിദ്യാര്‍ത്ഥികള്‍ക്കിടയിലെ ലഹരി ഉപയോഗം ആരംഭത്തിലേ കണ്ടെത്തി കൗണ്‍സിലിംഗ് നല്‍കുന്നതിന് "നേര്‍വഴി" എന്ന പേരില്‍ ഒരു പദ്ധതി നടപ്പിലാക്കി വരുന്നു. സ്കൂളുകള്‍ കേന്ദ്രീകരിച്ചും അല്ലാതെയും കൗണ്‍സിലിംഗ് സേവനങ്ങള്‍ ലഭ്യമാക്കുന്നതിന് സൈക്കോളജി, സോഷ്യോളജി യോഗ്യതയുള്ള എക്സൈസ് ഉദ്യോഗസ്ഥര്‍ക്ക് നിംഹാന്‍സ് മുഖേന പരിശീലനം നല്‍കിയിട്ടുണ്ട്. വിദ്യാലയങ്ങള്‍ ലഹരിമുക്തമാക്കുന്നതിന് സ്കൂളുകളില്‍ "ഉണര്‍വ്വ്" എന്ന പേരില്‍ ഒരു പദ്ധതി നടപ്പിലാക്കി |

വരുന്നു. കോളേജ് തലത്തിൽ വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം തടയുന്നതിനായി കോളേജ് ക്യാമ്പസ്സുകളിൽ 'നേർക്കൂട്ടം' എന്ന പേരിലും, കോളേജ് ഹോസ്റ്റലുകളിൽ 'ശ്രദ്ധ' എന്ന പേരിലും കമ്മിറ്റികൾക്ക് രൂപം നൽകിയിട്ടുണ്ട്.

യുവജനങ്ങളെ ലഹരി ഉപയോഗത്തിൽനിന്നും അകറ്റി നിർത്തുക എന്ന ലക്ഷ്യത്തോടെ "ലഹരിക്കെതിരെ കായികലഹരി" എന്ന മുദ്രാവാക്യത്തോടെ വിവിധ കായിക മത്സരങ്ങൾ സംഘടിപ്പിച്ചു വരുന്നു. കുടുംബശ്രീ, സന്നദ്ധ-യുവജന-സർവ്വീസ് സംഘടനകൾ, ട്രേഡ് യൂണിയനുകൾ എന്നിവ മുഖാന്തിരവും ലഹരിക്കെതിരെ വൈവിദ്ധ്യമാർന്ന പരിപാടികൾ സംഘടിപ്പിച്ച് വരുന്നു. ലഹരിക്ക് അടിമപ്പെട്ടവർക്ക് ലഹരിമോചന ചികിത്സ നൽകുക എന്ന ലക്ഷ്യത്തോടെ പതിനാല് ജില്ലകളിലും വിമുക്തി ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്.

ആദിവാസി–തീരദേശ മേഖലകൾ കേന്ദ്രീകരിച്ച് ലഹരിവർജ്ജനം ലക്ഷ്യമിട്ട് യുവാക്കൾക്കായി കരിയർ ഗൈഡൻസ് ക്ലാസ്സുകൾ, കായികപരിശീലനം, ലൈബ്രറി സൗകര്യം, പഠനം ഉപേക്ഷിക്കുന്ന കുട്ടികളെ കണ്ടെത്തി തിരികെ വിദ്യാലയങ്ങളിൽ എത്തിക്കുക തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ആദിവാസി ഊരുകൾ കേന്ദ്രീകരിച്ച് ആരോഗ്യവകുപ്പിന്റെ സഹകരണത്തോടെ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. ആദിവാസി തീരദേശ മേഖലകളിലെ യുവാക്കളെ ലഹരിയിൽ നിന്നും പിൻതിരിപ്പിക്കുന്നതിനായി പ്രാദേശിക ക്ലബ്ബുകളുടെ സഹകരണത്തോടെ ഇടുക്കി, തൃശ്ശൂർ, മലപ്പുറം, വയനാട്, കണ്ണൂർ എന്നീ ജില്ലകളിൽ ഫിറ്റ്നെസ്സ് സെന്ററുകൾ പ്രവർത്തിച്ച് വരുന്നു.

വിവിധ രാഷ്ട്രീയ പാർട്ടികൾ, വിദ്യാർത്ഥി/ യുവജനസംഘടകൾ, സർവ്വീസ് സംഘടനകൾ, വ്യാപാരിവ്യവസായി സംഘടനകൾ എന്നിങ്ങനെ സമൂഹത്തിലെ വിവിധ തലങ്ങളിലുള്ളവരുടെ പങ്കാളിത്തത്തോടെ മയക്കുമരുന്ന് വ്യാപനത്തിനെതിരെ 'നോ ടു ഡ്രഗ്സ്' എന്ന പേരിൽ വ്യാപകമായ പ്രചരണ പരിപാടികളാണ് സംസ്ഥാനത്ത് നടത്തിവരുന്നത്. ഈ പരിപാടിയുടെ ഒന്നാം ഘട്ടം 2022 ഒക്ടോബർ 2 മുതൽ നവംബർ 1 വരെയും, രണ്ടാം ഘട്ടം 2022 നവംബർ 14 മുതൽ 2023 ജനുവരി 26 വരെയും സംഘടിപ്പിച്ചിരുന്നു. മേൽ

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങളെല്ലാം വിമുക്തിയുടെ നേതൃത്വത്തിലാണ് നടപ്പിലാക്കിവരുന്നത് |

സെക്ഷൻ ഓഫീസർ